കഥ

# യോഹന്നാൻ മത്തായിയുടെ പരിണാമം

വിജയകുമാർ കളരിക്കൽ

ഇത് യോഹന്നാൻ മത്തായി, അമ്പത്തി അഞ്ച് വയസ്സ്, അഞ്ച് അടി പതിനൊന്ന് ഇഞ്ച് ഉയരം, ഒത്തവണ്ണം നിത്യേന ഷേവ് ചെയ്ത് മിനുസമാർന്ന മുഖം, കനത്തിൽ, നരച്ചുതുടങ്ങിയ മേൽമീശ, കുറ്റിത്തലമുടി ഡൈചെയ്തത്........

അയാൾ മെത്തയിൽ ഉറക്കമാണ്. നേരം പുലർന്നിരിക്കുന്നു. ജനാലവഴി വെളിച്ചം മുറിയിൽ എത്തിയിരിക്കുന്നു, ജനൽ കർട്ടണിന്റെ സുതാര്യത അതിനെ ാരു തടസ്സമായിട്ടില്ല.

വിശാലമായ മുറിയിലെ തെക്കെകോണിലുള്ള ഡ്രസ്സിംഗ് ടേബിളിനരുകിലാണ് അവൾ. യാത്രയ്ക്കുള്ള ഒരുക്കമാണ്.

അവൾക്ക് വെളുത്തനിറമാണ്, കൊഴുത്ത ദേഹം.കുളിച്ചീറൻ പകർന്ന മുടി ഉണങ്ങാനായിട്ട് വിടർത്തിയിട്ടിരിക്കയാണ്.

ടേബിളിൽ ഉറപ്പിച്ചിരിക്കുന്ന കണ്ണാടിയിൽ അവളുടെ മുഖം, വട്ട മുഖമാണ്, അൽപ്പം വലിപ്പംകൂടിയ കണ്ണുകളും..

ലിപ്റ്റിക്ക് പുരട്ടി ചുുകൾ കൂട്ടി അമർത്തി, വിരൽ തുമ്പാൽ, കരിമഷി കൊ് പുരികങ്ങളെഴുതി, കണ്ണാടിയിലൂടെ ഹെയർ സ്റ്റൈൽ നോക്കി അവൾ തിരിഞ്ഞു, അവൾക്ക് മുപ്പതു വയസ്സേ തോന്നുകയുള്ളൂ.

അപ്പോഴും അയാൾ ഉറക്കമാണ്.

അവൾക്ക് അടിവസ്ത്രങ്ങൾ മാത്രമേയുള്ളു. അടഞ്ഞവാതിലും ജനാലകളും ഉറങ്ങുന്ന അയാളും അവൾക്ക് വസ്ത്രങ്ങളായി.

കദളിപ്പൂവിന്റെ നിറമുള്ള ബ്ലൗസ്സും ഷിഫോൺ സാരിയും അണിഞ്ഞുകഴിഞ്ഞപ്പോൾ അവൾ അതിസുന്ദരിയായി. പക്ഷെ, അയാളുടെ ഉറക്കം, അവളുടെ കവിളിൽ തന്നെ നുള്ളി നെമ്പരപ്പെടുത്തുന്നതായി തോന്നും മുഖം കാൽ.

മെല്ലെ മെത്തയിൽ ഇരുന്ന് സാവാധാനം തോളത്ത് തട്ടി അവൾ അയാളെ ഉണർത്തി.

ആ മുറിയിലാകെ നിറഞ്ഞ് നിന്നിരുന്ന അവളുടെ സൗരഭ്യം അയാൾ അറിയുന്നുവെന്ന് മുഖം പറയുന്നു. ഉറക്കത്തിന്റെ ആലസ്യതവിട്ട് വളരെ വേഗം അയാളുടെ കണ്ണുകൾ തുറന്നു.

''ഞാൻ പോണു.....''

അവൾ പറഞ്ഞു

''ഇന്നുകൂടി നിനക്ക് പോകാതിരക്കാം.''

''ഇല്ല.........ഇനിയാവില്ല.....രു ദിവസത്തേക്കായിരുന്നു നമ്മുടെ എഗ്രിമെന്റ്......... ഇപ്പോൾ മൂന്നു ദിവസമായി.''

''അതു നമുക്ക് പുതുക്കാം''

''അതു എനിക്കാവില്ല. അയാളുമായിട്ട് ബന്ധപ്പെടണം. ഒരു പക്ഷെ, എനിക്ക് വേി വേറെ ഏതെങ്കിലും എൻഗേജ്മെന്റ് അയാൾ എഗ്രിമെന്റാക്കിയിട്ടുാകാം.''

''എങ്കിൽ നിനക്ക് പോകാം. ആ മേശവലിപ്പിൽ പേഴ്സു്, നിനക്കിഷ്ടമുള്ളതെടുക്കാം''.

അവൾ മേശവലിപ്പിലെ പേഴ്സിൽ നിന്നും പണം എണ്ണിയെടുത്ത് ബാഗുമായിട്ട് യാത്ര തുടങ്ങുമ്പോൾ അയാളോടു പറഞ്ഞു.

''എഗ്രിമെന്റ്പ്രകാരം അഡ്വാൻസ് കഴിച്ചുള്ള പണമേ ഞാനെടുത്തുള്ളു. അധികമായ ഒരു ദിവസം താങ്കളുടെ സ്നേഹത്തിനുള്ള കൂലിയാണ്.''.

പക്ഷെ, അതുകേൾക്കാൻ യോഹന്നാൻ ഉണർന്നിരിക്കുകയായിരുന്നില്ല.

അവൾ മുറ്റത്തിറങ്ങി ആ വീടിനെ നോക്കി നിന്നു.

അതൊരു രമ്യ ഹർമ്മ്യമാണ്.

വിശാലമായ മുറ്റം, പുഷ്പവൃഷ്ടിയിൽ സമൃദ്ധം........

മുറ്റം വിട്ടാൽ റബ്ബർ എസ്റ്റേറ്റായി, നോക്കെത്താത്ത ദൂരത്തോളം. നോട്ടം എത്താത്തതിന് മറ്റൊരു കാര്യം കൂടിയു്, കുന്നും മലകളും നിറഞ്ഞതാണെന്നത്....

കുന്നിറങ്ങിയാൽ, താഴ്വാരത്തിൽ മറ്റ് കൃഷികളു്. തെങ്ങ്, വാഴ, ചേന, കപ്പ, നെല്ല്........കുന്നിന് മുകളിൽ നിന്നും ഊറ്റുറവയായി ജലവും ഒഴുകിയെത്തുന്നു് പ്രകൃതി കനിഞ്ഞേകിയത്......

വ്,

പന്നെു പറഞ്ഞാൽ വളരെപ്പല്ല. ഉലഹന്നാന്റെ കോളേജ് ജീവിത കാലത്ത് ഒരു മദ്ധ്യാഹ്നം കഴിഞ്ഞ് അദ്ധ്യാപകന്റെ അഭാവത്തിൽ യാദൃശ്ചികമായി കിട്ടിയ ഒരു ഇടവേള........

കോളേജിനടുത്തുള്ള കോഫീഹൗസിലെ ഫാമിലിറൂമിലെ ഇരുമൂലകളിലൊന്നിൽ അവനും അവളും...................

അത് യോഹന്നാൻ മത്തായിയും മേഴ്സി ജോണുമായിരുന്നു

അവർ കഴിയുന്നത്ര അടുത്തടുത്ത് തന്നെയാണിരിക്കുന്നത്. എന്നിട്ടും അടുപ്പംമതിയായില്ലെന്ന് തോന്നിയിട്ട് മേഴ്സി ജോൺ പാദങ്ങളെ അവന്റെ പാദങ്ങൾക്ക് മുകളിൽ കയറ്റിവച്ചു. അവന്റെ പാദങ്ങൾ ഷൂസിൽ പൊതിഞ്ഞിരുന്നതിനാൽ അവൾക്ക് ദേഷ്യം വന്നു. കുറെകൂടി അടുത്തിരുന്ന് അവൾ ഒരു കാൽ അവന്റെ വലതു കാലിന് മുകളിൽ കയറ്റി വച്ചു

അവന്റെ മുഖം ചുവന്നു തുടുത്തു. അവളുടെ മുഖത്ത് കള്ളച്ചിരിയും.

''മേഴ്സി ഇത് കോഫീഹൗസാണ്..''.

''ഓ! എനിക്കറിയാം ഈ റൂമിൽ നമ്മൾ രാളേയുള്ളൂ ......''

''ആരേലും വരും.''.

''വരട്ടെ.''.

''കാണും''.

''കാണട്ടെ.''.

''പിന്നെ മറ്റൊള്ളോരുടെ മുഖത്ത് നോക്കാനാവില്ല.''

''വേ.......നമുക്ക് രാൾക്കും പരസ്പരം നോക്കിയിരിക്കാം''

അതുപോലെ കോളേജ് വിടും മുമ്പായിട്ട് ഉലഹന്നാന് നാലോ, അഞ്ചോ, സ്നേഹിതമാരുായിരുന്നു. മേഴ്സി ജോണിനു ശേഷം നിമ്മി പൗലോസ്, നിമ്മി പൗലോസിനു ശേഷം രജനി സെബാസ്റ്റ്യൻ.......

ആ ബന്ധങ്ങളൊക്കെ കലാലയ പ്രേമമെന്ന കാറ്റഗറിയിൽ ഉൾക്കൊ് നശിച്ചുപോകുകയായിരുന്നു. ഇന്ന് അതെല്ലാം പൂർവ്വകാല മധുര സ്മരണകളായി, വെറുതെയിരിക്കുമ്പോൾ പോലും ഉലഹന്നാന്റെ ഓർമ്മയിലേക്ക് ഓടി അണയാറുമില്ല.

കൃഷിക്കാരനായിരുന്ന മത്തായി യോഹന്നാന് അഞ്ച് പെൺമക്കളും ഉലഹന്നാൻ എന്ന ഒരൊറ്റമകനുമേ സന്താനങ്ങളായിട്ട് ഉായിരുന്നുള്ളൂ. അതിൽ ഉലഹന്നാൻ ആറാമൻ തന്നെ ആയിരുന്നു.

യോഹന്നാൻ എന്ന കൃഷിക്കാരന്റെ മകൻ മത്തായി, മത്തായി എന്ന കൃഷിക്കാരന്റെ മകൻ യോഹന്നാൻ, എഴുത്തുകുത്തുകളിൽ യോഹന്നാൻ മത്തായി. ഉലഹന്നാൻ എന്ന് വിളിപ്പേരും.

ഉലഹന്നാന് ഓർമ്മ വയ്ക്കുമ്പോൾ അപ്പനും അമ്മച്ചിയും ചേച്ചിമാരും ഇഞ്ചി കൃഷിക്കാരായിരുന്നു. സ്വന്തമായിട്ട് അപ്പന് വീതം കിട്ടിയ വകയിലുള്ള രക്കേർ പുരയിടം മാത്രമേയുായിരുന്നുള്ളൂ. പക്ഷെ, നാട്ടിലും അടുത്ത നാടുകളിലും തരിശ്ശായി കിടന്നിരുന്ന സ്ഥലത്തൊക്കെ അപ്പനും അമ്മച്ചിയും പെങ്ങന്മാരും കൂടി പാട്ടത്തിന് ഇഞ്ചികൃഷിചെയ്തു.

അതുകൊ് തന്നെ വീട്ടിൽ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും അലകൾ തുള്ളിക്കളിക്കുക തന്നെയായിരുന്നു. പെങ്ങന്മാർക്കൊക്കെ ആവശ്യത്തിന് സൗന്ദര്യവും സ്വർണ്ണാഭരണങ്ങളും വസ്ത്രങ്ങളും ഉായിരുന്നു. അഞ്ച് പേരുംകൂടി ഉടുത്തൊരുങ്ങി പോകുന്നത് കണ്ണിന് ആനന്ദകരമായിരുന്നു. നോക്കിനില്ക്കുന്നത് നാട്ടിലെ ചെറുപ്പക്കാർക്ക് ഇഷ്ടവുമായിരുന്നു. പക്ഷെ, ആഴ്ചയിലൊരിക്കലേ ഉാകാറുള്ളൂ എന്നത് ചെറുപ്പക്കാർക്ക് നഷ്ടവും.

കർത്താവിനെപ്പോലെ അവരും ആറുദിവസത്തെ കഠിനാധ്വാനത്തിന്ശേഷം, സംതൃപ്തിയോടെ ഏഴാമത് നാൾ വിശ്രമിച്ചു. ആദ്യകുർബാനക്ക്തന്നെ ഉടുത്തൊരുങ്ങിപള്ളിയിൽ പോകുകയും ചെയ്തിരുന്നു.

അവരുടെ കടം ഉള്ള ദിവസങ്ങൾ സന്തോഷത്തിന്റെ, ഉത്സവത്തിന്റെ ദിനങ്ങളായിരുന്നു. ആവശ്യത്തിന് ആഹാരപാനീയങ്ങൾ, മത്സ്യവും മാംസവും അടക്കം.അത്യാവശ്യത്തിന് മദ്യവും.

ആ ഉത്സവതിമർപ്പിലേക്കാണ് ആറാമനായി ഉലഹന്നാൻ പിറന്നുവീണത്. അതുകൊ് തന്നെ അവൻ സ്വർഗ്ഗീയസുഖങ്ങൾ അനുഭവിച്ചാണ് വളർന്നത്.

കോളേജ് ക്ലാസ്സുകളിൽ എത്തിയപ്പോൾ അവൻ കറിഞ്ഞു, തന്റെ പാത സ്പോർട്ട്സിന്റെയല്ല, ചിത്രകലയുടെതാണെന്ന് അപ്പോഴേയ്ക്കും അവൻ ഒരുപാട്കഥകൾ അറിയുകയും ചെയ്തിരുന്നു.

പെങ്ങളുമാരുടെ ചുുകളിൽനിന്നും അവന്റെ കർണ്ണങ്ങളിൽ എത്തിയിരുന്ന കഥകളായിരുന്നു ആദ്യകാല അറിവ്. പിന്നീട് നോവലുകളിലേക്കും കാവ്യങ്ങളിലേക്കും ജീവചരിത്രങ്ങളിലേക്കും വളർന്നു.

അവന്റെ ചിത്രങ്ങൾ അന്വേഷണങ്ങൾ തന്നെയായിരുന്നു. ആധുനികതയും പൗരാണീകതയും കൂടികലർന്ന ഒരു അവാച്യത, അവർണ്ണ്യത................

പക്ഷെ, ആർട്ട്ഗാലറികളിൽ തൂങ്ങിക്കിടക്കവെ അവയുടെ സൗന്ദര്യം കത്തുന്നവർ കുറവായി. താടിരോമങ്ങങ്ങൾ നീട്ടിയ, ചിരിക്കുമ്പോൾ മഞ്ഞപ്പല്ലുകൾ കാണുന്നവരുടെ ചിത്രങ്ങൾ തേടി ആരാധകർ നടന്നു.

സുന്ദരമായി, വൃത്തിയായി, ബിസിനസ്സ് എക്സിക്കൂട്ടിവിനെപ്പോലെ നടക്കുന്ന ഉലഹന്നാനെ ആർക്കും മനസ്സിലായില്ല.

മത്തായിയുടെ മരണം ഉലഹന്നാനെ കുറച്ചൊന്നുമല്ല വേദനപ്പെടുത്തിയത്. അത്രക്ക് ഗാഡവും ദൃഡവുമായുരുന്നു അവർ തമ്മിലുള്ള ബന്ധം.

മകൻ അപ്പന്റെ താങ്ങും അപ്പൻ മകന്റെ താങ്ങുമായിരുന്നു.

അപ്പൻ തളർന്നു വീണപ്പോൾ മകൻ സ്ഥിരം ഇഞ്ചി കൃഷിക്കാരനാവുകയും പെങ്ങളുമാരൊക്കെ ഭർത്താക്കൻന്മാരുടെ വീടുകളിൽ ചേക്കേറുകയും ചെയ്തു.

ഉലഹന്നാന് സംഭവിച്ച വലിയ അബദ്ധങ്ങളിൽ ഒന്ന് ഇടവകക്കാർ നീട്ടിക്കൊടുത്ത കോളേജ് അദ്ധ്യാപകവൃത്തിയെന്ന അപ്പക്കഷണം നിരസിച്ചതാണ്. അതിന് കാരണവുമുായിരുന്നു. അവർ ആവശ്യപ്പെട്ട പണം കൊടുക്കാൻ, പെങ്ങളുമാരെ അയച്ചുകഴിഞ്ഞ് അപ്പൻ അവനായി നീക്കിവച്ച വീടും ഒരു തുുഭൂമിയും വിറ്റാൽ തികയില്ലായിരുന്നു. ബാക്കി കടം കൊള്ളാമായിരുന്നുവെന്നു വച്ചാലോ കിട്ടുമായിരുന്ന ശമ്പളത്തിൽ നിന്നു പലിശയും നിത്യവൃത്തിയും കഴിഞ്ഞു പോകുകയില്ലായിരുന്നുവെന്നതാണ് കണക്കുകൂട്ടൽ. രാമത്, എലിസബത്ത് സെബാസ്റ്റ്യൻ ഭാര്യയായി വന്നത്.

എലിസബത്ത്, വിദേശജോലിക്കാരായിരുന്ന മൂന്ന് ആങ്ങളമാർക്കും കൂടിയുള്ള ഒരേയൊരു പുന്നാര പെങ്ങളായിരുന്നു. അവളും അറബികളെയും പലസ്തീനികളെയും ശുശ്രൂഷിക്കുകയായിരുന്നു ഗൾഫിൽ.

വിദേശവസ്ത്രങ്ങളുടെ വർണ്ണപ്പൊലിമയിൽ, സുഗന്ധദ്രവ്യങ്ങളിൽ മുങ്ങി സോണിയുടെ മുപ്പത്തിനാല് ഇഞ്ച് ടി.വിയും വീസിആറും, അക്കായിയുടെ കാസറ്റ്പ്ലയറുമുള്ള മുറിയിൽ മണിയറയൊരുക്കപ്പെട്ട് യോഹന്നാൻ മത്തായി എഴുന്നളിക്കപ്പെട്ടപ്പോൾ..........

അക്ഷരാർത്ഥത്തിൽ തന്നെ പറഞ്ഞാൽ അവന്റെ അമ്മയും അഞ്ച് പെങ്ങളുമാരും കണ്ണീരണിഞ്ഞു.

മണ്ണിന്റെ മണത്തിൽനിന്നും, ഇഞ്ചിയുടെ രുചിയിൽ നിന്നും ഉലഹന്നാൻ രക്ഷപ്പെട്ടല്ലൊ.

അളിയന്മാർ കനിവോടെ ഒഴിച്ചേകിയ രുപെഗ്ഗ് സ്ക്കോച്ചുമായി മണിയറയിലെത്തിയപ്പോൾ, അക്കായിയുടെകാസറ്റുപ്ലയറിൽ നിന്ന് അനർഗളം ഒഴുകി പരക്കുന്ന വിദേശ സംഗീതത്തിൽ ചുവടുകൾ വയ്ക്കുകയായിരുന്നു എലിസബത്ത്.

കതക് അടച്ച്, കതകിൽചാരിനിന്ന് അവളുടെ ചുവടുകൾ കുനിൽക്കെ ഉല

ഹന്നാൻ പിറുപിറുത്തു: കർത്താവേ, ലോകത്തെ ഏറ്റവും വലിയ ഭാഗ്യവാൻ ഞാനാണല്ലോ.....

ആയിരുന്നു, യോഹന്നാൻ മത്തായി ഭാഗ്യവാൻ തന്നെയായിരുന്നു. കർത്താവ്നേരിട്ട് വന്ന് പറുദീസയിയേക്ക് എടുത്ത് ഉയർത്തിയതു പോലെ.......

ഏദൻ തോട്ടത്തിലേക്ക് യോഹന്നാനേയും എലിസബത്തിനെയും ആദവും ഹവ്വയുമാക്കി പറഞ്ഞയച്ചതുപോലെ.........

പക്ഷെ, ഉലഹന്നാന് തെറ്റ് പറ്റിയത് ഏദൻ തോട്ടത്തിൽ നന്മതിന്മ കൾ വേർതിരിക്കാനൊരു മരം ഉന്നെ കാര്യം വിസ്മരിച്ചു കളഞ്ഞതാണ്.

പെങ്ങളുമാർക്ക് വീതിച്ച് കൊടുത്തശേഷം അവനായി കിട്ടിയ വീടും പറമ്പും വിറ്റുകിട്ടിയ പണവുമായിട്ടാണ് ഉലഹന്നാൻ ഭാര്യയോടൊപ്പം വിദേശത്ത് പോയത്. പോയപ്പോൾ അമ്മയെ പെങ്ങളുമാരെ ഏൽപ്പിക്കുന്ന കാര്യം മറക്കുകയും ചെയ ്തില്ല, കുറെ വാഗ്ദാനങ്ങൾ കൊടുക്കാനും. കൃഷിപണികാരോ, റബ്ബർ വെട്ടുകാരോ ആയിരുന്ന അളിയന്മാർക്കും മരുമക്കൾക്കും അവനൊരു സ്വപ്നം തന്നെ ആയിരുന്നു.

ഉലഹന്നാൻ ഒന്നും മറന്നില്ല.

മണ്ണിന്റെ മണവും ഇഞ്ചിയുടെ രുചിയും അവന്റെ രക്തത്തിൽ അലിഞ്ഞു ചേർന്നതായിരുന്നല്ലോ.

വർഷങ്ങൾ കഴിഞ്ഞിട്ടുപോലും, അവൻ നാട്ടിൽ വരുമ്പോഴെല്ലാം കുറെ വസ്ത്രങ്ങളും സുഗന്ധദ്രവ്യങ്ങളും അമ്മക്കും പെങ്ങളുമാർക്കും മരുമക്കൾക്കും വീതിച്ച് നൽകുമ്പോഴും ആരും അവനോട് വേറൊന്നും ചോദിച്ചില്ല.

അവർക്കറിയാമായിരുന്നു, അവനാൽ മറ്റൊന്നിനും കഴിയുകയില്ലെന്ന്.

അങ്ങനെ അവരുടെയെല്ലാം ജീവിതങ്ങളിൽ കുറെ വസ്ത്രങ്ങളും സുഗന്ധദ്രവ്യങ്ങളുമായിട്ട് അവൻ പരിണാമം പൂർത്തീകരിക്കപ്പെടുന്നത് അപ്രകാരമൊന്നുമായിരുന്നില്ല. വർഷങ്ങൾക്കുശേഷം, നാട്ടിൽ സ്ഥിരതാമസ്സമാക്കിയപ്പേഴാണ് നാട്ടുകാർ ശ്രദ്ധിച്ചുതുടങ്ങിയത്, അപ്പേഴേക്കും അവന്റെ അമ്മ കർത്താവിൽ നിദ്രകൊള്ളുകയും പെങ്ങളുമാരുടെ മക്കൾ പലരും വിവാഹംകഴിക്കുകയുംചെയ് തിരുന്നു.

ഏക്കറുകണക്കിന് റബർ ഏസ്റ്റേറ്റുകൾ, തെങ്ങിൻ പുരയിടങ്ങൾ മറ്റു കൃഷിയിടങ്ങൾ, മനോഹരമായ ഒരു ഹർമ്മ്യം.

അതിന്റെയെല്ലാം ഭരണാധിപനായിട്ടാണ് യോഹന്നാൻ മത്തായി നാട്ടിൽ സ്ഥിരമായത്.

നിത്യേന സന്ധ്യാസമയത്ത് അവർ ആ രമ്യഹർമ്മത്തിന്റെ മുന്നിലെ പുൽത്തകടിയിൽ ഒത്തുകൂടി, ഉലഹന്നാന്റെ ഒപ്പം. അയാളുടെ റബർ വെട്ടുകാരും കൃഷിപ്പണിക്കാരും, തുറന്നു കിടക്കുന്ന വാതിലുകൾ വഴി, ജനാലവഴി വിദേശ സംഗീതം ഒഴുകി പുൽത്തകിടിയിൽ പരന്നുനിറയുമ്പോൾ താളാത്മകമായ അംഗ ചലനങ്ങളോടെ അവരുടെ കൈകൾ കുപ്പികളുടെ മൂടികൾ തുറക്കുകയും ഗ്ലാസ്സുകൾ നിറയുകയും ചെയ്തു.

നിറയുന്ന ഗ്ലാസ്സുകളൊഴിയുകയും കൈകാലുകളുടെ താളാത്മകത തെറ്റുകയും ഉലഹന്നാന് കരച്ചിലടക്കാൻ കഴിയാതെയും വരുന്നു. അയാൾ വിളിച്ചുപറയുന്നു.

‘‘ഞാനവടെ സെക്യൂരിറ്റിയാടാ........ നല്ലപ്രായത്തിൽ അവരുടെ ശരീരത്തിന്റെ പിന്നെ ഗർഭത്തിന്റെ......... പിന്നെ മക്കടെ........ ഇപ്പോ സ്വത്തിന്റെ........’’

‘‘സാറുകരയാതെ...... ചെന്നാട്ടെ...... ദേ, അവളുവന്നിട്ടു്.......’’

‘‘ആരാടാ.......ഇന്നലത്തെയാ.......കുളിയ്ക്കാത്തോളാ........’’

‘‘അല്ലന്നേ...... ഇവളുവേറയാ..’’

ഇടറുന്ന കാൽവയ്പുകളോടെ, മുറ്റം കടന്ന്, സിറ്റൗട്ട് കടന്ന്, സിറ്റിംഗ് റൂമിൽ കയറി വാതിലടഞ്ഞാൽ പുറത്തെ വെളിച്ചങ്ങളണച്ചു കെ് സ്നേഹിതൻ പിരിയുകയായി.

@@@@@@@@@@

വിജയകുമാർ കളരിക്കൽ,
മാതിരപ്പിള്ളി,